അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം

80 [2569] ശ്രീ. വർക്കല കഹാർ :
,, ജോർജ് ജെ. മാത്യു :
,, വി. ഡി. സതീശൻ :
ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ നിന്നും മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയാണ് മാറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) അത് മാറ്റി സ്ഥാപിക്കുവാൻ തക്കതായ കാരണങ്ങൾ ഉണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) ഇപ്പോൾ പ്രിന്റിംഗ് വകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന സൂപ്രണ്ടിന്റെയും അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെയും ഓഫീസ് ഉൾപ്പെടെ മുന്നൂറോളം ജീവനക്കാരെ ഉൾക്കൊള്ളുവാൻ ഇപ്പോൾ മാറ്റി സ്ഥാപിക്കുന്നിടത്ത് സ്ഥലസൗകര്യം ഉണ്ടോയെന്ന് അറിയിക്കാമോ;

(ഇ) സമയബന്ധിതമായി ചെയ്തു തീർക്കേണ്ട അച്ചടി ജോലികൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുവാൻ ഡയറക്ടർ ഓഫീസും സൂപ്രണ്ട് ഓഫീസും പ്രസ്സിനോടനുബന്ധിച്ച് കിടന്നാൽ മാത്രമേ കഴിയുകയുള്ളു എന്ന കാര്യം ഗവൺമെന്റ് പരിഗണിച്ചിട്ടുണ്ടോ;

(എഫ്) എങ്കിൽ ഡയറക്ടറേറ്റ് മാറ്റി സ്ഥാപിക്കുവാനുള്ള നീക്കം ഉപേക്ഷിക്കുമോ?

ഉത്തരം

(എ—ഡി) അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം സെൻട്രൽ പ്രസ്സിൽനിന്നും മാറ്റി സ്ഥാപിക്കുന്നതിനെ സംബന്ധിച്ച നിർദ്ദേശം സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. എന്നാൽ ഈ കാര്യത്തിൽ അന്തിമ തീരുമാനം ഒന്നും കൈക്കൊണ്ടിട്ടില്ല.

(ഇ) ഓരോ ബ്രാഞ്ച് പ്രസ്സുകൾക്കും (തിരുവനന്തപുരം സെൻട്രൽ പ്രസ്സുൾപ്പെടെ) പ്രത്യേകം മേധാവികൾ ഉള്ളതിനാൽ അച്ചടി ജോലികൾ സമയബന്ധിതമായി തീർക്കുന്നതിന് ഡയറക്ടറുടെയും സൂപ്രണ്ടിന്റെയും ഓഫീസ് ഗവ: സെൻട്രൽ പ്രസ്സിൽ തന്നെ നിലനിറുത്തേണ്ടതില്ല.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly